പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നം. **2472**</u>

<u>**08.03.2017** ൽ മറുപടിക്ക്</u>

## <u>പാറമടകൾക്ക് സംരക്ഷണഭിത്തികൾ</u>

<u>ചോദ്യം</u>

ശ്രീ. മഞ്ഞളാംകുഴി അലി

(എ) പാറമടകളിൽ വീണ് അപകടങ്ങളും മരണങ്ങളുമുണ്ടാകുന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാറമടകൾക്ക് ചുറ്റും മതിയായ സംരക്ഷണഭിത്തികൾ ഇല്ലാത്തതും മുന്നറിയിപ്പ് സൂചകങ്ങൾ ഇല്ലാത്തതുമാണ് ഇത്തരം അപകടങ്ങൾ പെരുകാൻ ഇടയാക്കുന്നതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) പാറഖനനം ചെയ്യുന്നവരോ പാറമടകളുടെ ഉടമസ്ഥരോ ഇത്തരം പാറമടകൾക്ക് ചുറ്റും സംരക്ഷണഭിത്തി ഒരുക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ പാറമടകൾക്ക് ആവശ്യമായ സംരക്ഷണഭിത്തി ഒരുക്കുന്നതിന് ബന്ധപ്പെട്ട പാറമടകളുടെ ഉടമസ്ഥർക്കോ പാറഖനനം ചെയ്യുന്നവർക്കോ നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കാമോ?

<u>മറുപടി</u>

ശ്രീ. എ.സി. മൊയ്തീൻ
(ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)

(എ) ഉപയോഗശൂന്യമായ ക്വാറികൾ ജലസംഭരണികളായി പലയിടത്തും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത്തരം ക്വാറികളിൽ കുളിക്കാനായി ഇറങ്ങുന്നവർക്ക് അപകടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി), (സി) & (ഡി) ഉപയോഗശൂന്യമായ ക്വാറികളിലെ വെള്ളക്കെട്ടുകൾക്കുചുറ്റും ചുറ്റുവേലി കെട്ടി അപകട മുന്നറിയിപ്പ് നല്കുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിന് സ്ഥലമുടമകൾക്ക് നിർദ്ദേശം നല്കുന്നതിനും ക്വാറി ഉടമകൾ ഇത്തരം നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഉപയോഗശൂന്യമായ ക്വാറികൾ വേലികെട്ടി സംരക്ഷിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം ക്വാറി ഉടമകളിൽ നിന്നുതന്നെ ഈ ആവശ്യത്തിലേക്കായി റോയൽറ്റിയുടെ പത്തുശതമാനം വരുന്ന തുക ഈടാക്കി ജില്ലാ കളക്ടറുടെ TSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ഉപയോഗശൂന്യമായ പാറമടകൾക്കുചുറ്റും ഫെൻസിംഗ് ചെയ്യാവുന്നതാണ്. ക്വാറികൾക്ക് ചുറ്റും ഫെൻസിംഗ് നിർമ്മിക്കുന്നതിന് പെർമിറ്റ് ഉടമകൾക്ക് കർശന നിർദ്ദേശം നല്കിയിട്ടുള്ളതും മൈനിംഗ് & ജിയോളജി വകുപ്പ് ഇക്കാര്യം നിരീക്ഷിച്ചുവരുന്നതുമാണ്.

സെക്ഷൻ ഓഫീസർ